

ഫ്ലാഷ്
ST. GEORGE H.S., THANKEY
സെൻ്റ ജോർജ്ജ് എച്ച് എസ്സ് തങ്കി

# ലിറ്റിൽ കൈറ്റ്സ്

LK 34010/2018

സെൻറ്. ജോർജ്ജ്എച്ച് എസ്സ് തങ്കി

# ഡിജിറ്റൽ മാഗസിൻ

http://facebook.com/thankeyschool

# താളുകൾ മറിയുമ്പോൾ

1 അമ്മ മനസ്സ്

2 വായനയുടെ ആനന്ദം

3 അന്ത്യവിധി

4 കുസൃതി ചോദ്യങ്ങൾ

5 ക്ലാസ് മുറിയിലെ കുഞ്ഞി പ്രാവുകൾ

6 വർഗ്ഗീയത ഒരു സാമൂഹിക വിപത്ത്

7 മാതൃഭാഷ

8 കണക്കില്ലാത്ത ജീവിതം

9 കടങ്കഥകൾ

10 ജനറൽ നോളജ്

11 കടലിന്റെ മക്കൾ

12 സ്ഥലനാമ ചരിത്രം



വെരി. റവ.ഡോ. ബിഷപ്പ് ജോസഫ് കരിയിൽ
നമ്മുടെ ഇടയൻ

## <u>മാനേജർ</u>





റവ. ഫാ. ജോപ്പി കൂട്ടുങ്കൽ റവ. ഫാ. തോമസ് പനക്കൽ



ആനിമോൾ.T.M (പ്രധാനദ്ധ്യാപിക)

## സന്ദേശം

**വിവര വിനിമയസാങ്കേതിക വിദ്യയുടെ വളർച്ചാ നേട്ടങ്ങൾ വളർന്നു വരുന്ന തലമുറയ്ക്ക് ലഭ്യമാക്കണമെന്ന മഹത്തായ ഉദ്ദേശം ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ കുട്ടികളിലൂടെ സാധ്യമാക്കട്ടെ എന്ന് ആശംസിക്കുന്നു.**

# അമ്മ മനസ്സ്

അമ്മയുടെ കോപവും ശകാരവും ക്ഷണികമാണ്. അടുത്ത നിമിഷം തന്നെ ഉള്ളിൽ മറച്ചു വെച്ച സ്നേഹം കൊണ്ട് കുഞ്ഞിനെ പൊതിയും . അതുകൊണ്ടാണ് 'പിള്ള ചവിട്ടിയാലും തള്ളയ് ക്കു നോവില്ല'എന്നു പറയുന്നത്.

ഒരു ദിവസം വിശന്നുവലഞ്ഞ ഒരു ചെന്നായ് ആഹാരം തേടി പാത്തുപതുങ്ങി നടക്കുകയായിരുന്നു. കാട്ടിലുള്ള ഒരു കുടിലിൻെറ വാതിൽക്കലൂടെ അവൻ ധൃതിയിൽ കടന്നു പോകാനിടയായി. അപ്പോൾ അകത്തു നിന്ന് ഒരമ്മ തൻെറ കുഞ്ഞിനോട് ഇങ്ങനെ പറയുന്നത് കേട്ടു."ഒന്നടങ്ങിക്കിടക്ക് ഇല്ലെങ്കിലുണ്ടല്ലോ, നിന്നെ ഞാൻ ജനലിലൂടെ പുറത്തേക്ക് കളയും.ചെന്നായ വന്ന് നിന്നെ പിടിച്ചു തിന്നട്ടെ"അതു കേട്ടപ്പോൾ ചെന്നായ ആശയോടെ അവിടെ തന്നെ പതുങ്ങി നിന്നു.കുഞ്ഞിനെ പുറത്തേക്ക് എറിയുമെന്ന് കരുതി അവൻ ജനലിനു താഴെപകൽ മുഴുവൻ കാത്തു നിന്നു. വൈകുന്നേരമായപ്പോൾ തൻെറ കുഞ്ഞിനെ ലാളിച്ചു കൊണ്ട് ആ അമ്മ ഇപ്്രകാരം പറയുന്നതാണ് കേട്ടത് ;"എന്തൊരു അനുസരണയാണ് എൻെറ ഓമനയ് ക്കിപ്പോൾ.ഇനി ഏതു ചെന്നായ വന്നാലും അമ്മ

അവനെ  അടിച്ചു കൊല്ലും.'' അതു കേട്ട്ചെന്നായ ഞെട്ടിപ്പോയി.ഇത്രയും നേരം വിശന്ന്  കാത്തിരുന്നത് മണ്ടത്തരമായി  എന്ന് മനസ്സിലാക്കിയ ചെന്നായ ക്ഷീണം കൊണ്ട് വിറച്ച്  സ്വന്തം ഗുഹയിലേക്ക് ഇളിഭ്യനായി മടങ്ങി.

ADARSH VINOD (IXA)

# വായനയുടെ ആനന്ദം

ഗ്രന്ഥങ്ങളാണ് നമ്മുടെ ഏറ്റവും നല്ല സുഹൃത്തുക്കൾ. പുസ് തകത്തിൽ എടുത്തു പറയുന്ന പല കാര്യങ്ങളും ജീവിതഭാരം കുറയ്ക്കുന്നു. നല്ല നല്ല ആശയങ്ങൾ നിറഞ്ഞ പുസ്തകങ്ങളെപ്പോഴും കയ്യിൽ സൂക്ഷിക്കേണ്ടതാണ്.പുസ്തക-ങ്ങൾ വായിക്കുമ്പോൾ യഥാർത്ഥത്തിൽ അതിന്റെതായ ഗ്രന്ഥ കർത്താവിനോട് സംസാരിക്കുന്നതായി തോന്നും. സങ്കൽപ്പത്തിൽ കൂടി അദ്ദേഹവുമായൊരു സംഭാഷണം നടത്താം. അങ്ങനെ ഈ ചുറ്റുപാടിൽ നിന്നും മറ്റൊരു അന്തരീക്ഷത്തിലേക്ക് നമുക്ക് അല്പനേരംമാറിനിൽക്കാൻ കഴിയും. വായിച്ചു കൊണ്ടാരിക്കുമ്പോൾ അതിൽ വിവരി-ക്കുന്ന സംഭവങ്ങളിൽ നമ്മളും പങ്കെടുക്കുന്നു. ഒരു കഥ വായിക്കുമ്പോൾ അതിൽ പറയുന്ന ഭൂതകാലത്തിലേക്ക് പു-സ്തകത്തിൽ കൂടി നമുക്ക് കടന്നുചെല്ലാം. അതിലെ കഥാപാത്രങ്ങളെ നമുക്ക് നേരിട്ട് കാണാം. അവരുമായി സംഭാഷണം നടത്താം. ഒരു നോവലിൽ ധാരളം കഥാപാത്രങ്ങളുണ്ടായിരിക്കും. അതിൽ ചില കഥാപാത്ര-ങ്ങൾ നാം തന്നെയാണ് എന്നു നമുക്ക് തോന്നും.

ഒരു ഗ്രന്ഥ ശേഖരം എപ്പോഴും ഏറ്റവും വലിയ സമ്പത്താണ്.കറൻസി നോട്ടുകളെകാൾ വിലയുണ്ടതിന്. പക്ഷേ എന്തു ചെയ്യാം. ചിലർ ഗ്രന്ഥങ്ങളുടെ വലിയ വില അറിയാതെ കടലാസ് വിലയ്ക്ക് പുസ്തിങ്ങൾ വിറ്റു കളയാറുണ്ട്. ഓരോ ഗ്രന്ഥത്തിനും ഓരോ സന്ദേശം കൈമാറുവാനുണ്ട്. സമൂഹത്തിൻെറ വളർച്ചയിൽ വളരെ പ്രധാനമായ ഒരു പങ്കാണ് പുസ്തകങ്ങൾ വഹിച്ചിരിക്കുന്നത്.

K.V MARY KUTTY
(MATHS TEACHER)

# അന്ത്യവിധി

എന്താണ് ജീവിതം ?
സ്വപ്നത്തിൽ കണ്ടുമുട്ടിയ
മരണത്തോടു ഞാൻ ചോദിച്ചു
മൂടുപടം അണിയൽ ...അതെ
മൂടുപടം അണിയൽ ...അതാണ്  ജീവീതം

എന്താണ് മരണം ?
ജീവിത സായാഹ്നത്തിൻെറ ഓരത്തിരുന്നു ഞാൻ
എന്നോടുതന്നെ ചോദിച്ചു
മൂടുപടം അഴിയൽ ...അതെ
മൂടുപടം അഴിയൽ ...അതാണ്  മരണം

എന്താണ്  അന്ത്യവിധി ?
ജീവിത മരണ നിർവചനങ്ങൾ
എനിക്കുത്തരമരുളി
മൂടുപടം നഷ്ടപ്പെട്ട നീ ദൈവത്തിൻെറ
മുന്നിൽ നിൽക്കുമ്പോൾ ദൈവം
നിനക്ക്  തരുന്ന സ്വഭാവ സർട്ടിഫിക്കറ്റ്...
യോഗ്യതാ പാത്രം

# കുസൃതി ചോദ്യങ്ങൾ

1,വെള്ളത്തിൽ വീണാൽ നനയാത്തവസ്തു?

നിഴൽ

2,ആവശ്യമുള്ളപ്പോൾ വലിച്ചെറിയും,ആവശ്യം കഴിഞ്ഞാൽ സൂക്ഷിച്ച വയ്ക്കും?

മീൻ വല

3,തലകുത്തി നിന്നാൽ വലുതാകുന്നതാര്?

ആറ്(6)

4,ഏറ്റവും ചെറിയ പാലം?

മൂക്കിൻെറ പാലം

5,താമസിക്കാൻ പറ്റാത്ത വീട് ?

ചീവീട്

ANNLIYA JOSEPH
9.B

# ക്ലാസ്സ് മുറിയിലെ
# കുഞ്ഞി പ്രാവ്

ഗ്രാമത്തിലെ ഒരു സ്കൂളിലെ രണ്ടാം ക്ലാസ്സിലാണ് കിങ്ങിണി പഠിക്കുന്നത്. സ്കൂൾ തുറക്കുന്ന ദിവസം പുത്തനുടുപ്പിട്ട് പുള്ളി-ക്കുടയുമായി കിങ്ങിണി സ്കൂളിലെത്തി. ക്ലാസ്സിലെത്തിയ കിങ്ങിണി കൂട്ടുകാരെല്ലാം ഒരിടത്തു വട്ടമിട്ട് നിൽക്കുന്നത് കണ്ട് കിങ്ങിണി അവിടേക്കു ചെന്നു. തറയിൽ അത് ഒരു പ്രാവിൻ കുഞ്ഞു വീണുകിടക്കുന്നു വേനലവധിക്കു അടച്ചിട്ട ക്ലാസ് മുറിയിൽ കൂട്ടുകൂടിയ പ്രാവിൻെറ കുഞ്ഞാണ് കുട്ടികൾ അതിനു നേരെ കടലാസെറിയുകയും വെള്ളമൊഴിക്കുകയും ചെയ്തു. 'കുർർ....കുർർ' പെട്ടന്നു അമ്മ പ്രാവ് അവിടെയ്ക്കു പറന്നുവന്നു.

'ശ്ശൂ...ശ്ശൂ പോ,കുട്ടികൾ ആർപ്പുവിളികളോടെ അമ്മ പ്രാവിനെ ഓടിച്ചു വിട്ടു. അമ്മ പ്രാവ് സങ്കടത്തോടെ ക്ലാസ് മുറിയുടെ ചുമരിൽ ഇരിപ്പായി.

അതുകണ്ട് കിങ്ങിണിക്കു വിഷമം വന്നു "ഈ കുഞ്ഞി പ്രാവിനെ ഉപദ്രവിക്കല്ലേ...'' കിങ്ങിണി ഒടിച്ചെന്ന് പ്രാവിൻ കുഞ്ഞിനെ കൈയ്യിലെടുത്തു. ബഹളം കേട്ടിട്ടു ടീച്ചർ ചോദിച്ചു. കിങ്ങിണി ക്ലാസിൽ പ്രാവിനെയുമായാണോ വരുന്നത്. കിങ്ങിണി നടന്നതൊക്കെ ടീച്ചറോട് പറഞ്ഞു.

" കുഞ്ഞുങ്ങൾ നമ്മൾ ചുറ്റുമുള്ള ജീവജാലങ്ങളെ സ്നേഹിക്കാനാണ് ആദ്യം പഠിക്കേണ്ടത്. നിങ്ങൾ ഈ കുഞ്ഞിപ്രാവിനെ ഉപദ്രവിച്ചത് ശരിയായില്ല ടീച്ചർ മറ്റു കുട്ടികളോടും പറഞ്ഞു.''

ടീച്ചർ പ്രാവിൻ കുഞ്ഞിനെ എടുത്ത് സുരക്ഷിതമായ ഒരു സ്ഥലത്തു വച്ചു. അല് പ സമയം കഴിഞ്ഞപ്പോൾ അമ്മ പ്രാവ് അവിടേക്കു വന്നു. അതു കിങ്ങിണിയെ നന്ദിയോടെ നോക്കിയിട്ട് കുഞ്ഞിനെയും കൊണ്ട് ദൂരെക്കു പോയി.

ATHUL.T.A
9.A

# വർഗീയത

# ഒരു സാമൂഹിക വിപത്ത്

മതതീവ്രവാദങ്ങൾ ലോക ജനതയെ ശ്വാസംമുട്ടിക്കുന്ന കാല-മാണിത്. രാഷ്ട്രീയരംഗത്തു മാത്രമല്ല, എല്ലാ രംഗത്തും മതം ശക്തി പ്രാപിക്കുകയാണ്. മതം ശാന്തിയെ പ്രോത്സാഹിപ്പി-ക്കുന്നു. മതത്തെ അനുസരിക്കുന്നവർ അത് അഗ്നിയായി കാണു-ന്നു.മത സഹിഷ് ണുതയ് ക്ക് കേൾവിപെറ്റ നാടാണ് ഭാരതം. കാരണം ഭാരതത്തിൽ ഔദ്യോഗികമതം ഇല്ലെന്നതു തന്നെ. മതേതരത്വ ഭരണ ഘടനയാണ് ഭാരതത്തിൻെറത്.വർഗീയത മതവുമായി കൂട്ടിച്ചേർക്കുമ്പോഴാണ് പ്രശ്നം രൂക്ഷമാകുന്നത്. രണ്ടും രണ്ടായി ദർശിക്കുവാനുള്ള മന പാഠമാണ് ജനം കൈവരികേണ്ടത്.

കൂട്ടായ് മയുടെയും പൊതു മനോഭാവത്തിൻെറയും കരുത്താണ് ആദ്യകാല മനുഷ്യജീവിതം കാഴ് ചവയ്ക്കുന്നത്. അന്ന് മതമോ, വർഗമോ സമ്പത്തോ ആയിരുന്നില്ല അവൻെറ ശത്രു. വെള്ള-പ്പൊക്കം, വരൾച്ച, കാട്ടുതീ, പ്രകൃതിക്ഷോഭങ്ങൾ ഇതൊക്കെയാ-യിരുന്നു അവൻെറ ശത്രുക്കൾ. പ്രകൃതിയിലെ ദുരാനുഭവങ്ങളെ നേരിടാൻ അവർ ഒരുമിച്ചുനിന്നു. അങ്ങനെ അവർ വിജയം കൊയ് തു. ക്രമേണ അവർ ഗോത്രവർഗരുമായി പിരിഞ്ഞു.

ഗോത്രങ്ങൾ അധിനിവേശ സ്വഭാവം കാട്ടിയപ്പോൾ എതിർപ്പുകൾ ഉണ്ടായി. ഗോത്രങ്ങൾ വർഗങ്ങളായി മാറി. അതിൽ നിന്നു മതം സംജാതമായി. ഈശ്വരൻെറ സൃഷ്ടിയല്ല മതം. മതം കേന്ദ്ര ബിന്ദുവായി ഈശ്വരനെ കടമെടുത്തതാണ്. മതത്തിൽ നിന്നാണ് ജാതി വളരുന്നത്. ജാതിയാണ് അടിമത്ത മനോഭാവത്തിന് ആക്കം നൽകിയത്. ഇവിടെ മൂന്നുതരം വിവേചനങ്ങൾവന്നു.

1.വർഗ വിവേചനം.

2.സാമ്പത്തിക വിവേചനം.

3.മതപരമായ വിവേചനം.

വർഗ വിവേചനം എന്നത് വർഗത്താൽ വ്യത്യാസവും, മാറ്റവും കാണിക്കുന്നു. ഭാരതത്തിൽ തന്നെ വർഗീയതയുടെ വിഷക്കാറ്റ് എത്ര ജീവനാണ് അപഹരിച്ചത്. കൊടിയ ജാതിവ്യവസ്ഥകൾ നിലനിന്ന കേരളത്തെ വിവേകാനന്ദൻ 'ഭ്രാന്താലയം' എന്നു വിളിച്ചു. ജാതിവ്യവസ്ഥയോടായിരുന്നല്ലോ നാരായണ ഗുരുവിൻെറ ഏറ്റുമുട്ടലും. വിദ്യാലയത്തിൽ ചേരാനെത്തുന്ന വിദ്യാർത്ഥിയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ തുടങ്ങുന്നു മതവും വർഗവും. അത് അവസാനിപ്പിക്കേണ്ട കാലം കഴിഞ്ഞു.

വർഗീയത ദോഷമാണ് എന്നത് എല്ലാവർക്കും അറിയാം. സമത്വവും, സാഹോദര്യവും പുലരണമെങ്കിൽ വർഗീയത കൊഴി-

ഞ്ഞുപോകണമെന്നും എല്ലാവരും വിശ്വസിക്കുന്നു.പക്ഷേ, മരണാ-
നന്തര ചടങ്ങുകൾ , വിവാഹചടങ്ങുകൾ എല്ലാം ഓരോ വർഗ-
ത്തിൻെറയും കുത്തകമായി നിൽക്കുമ്പോൾ വർഗത്തെക്കുറിച്ചുള്ള
ഓർമ്മ നശിക്കുന്നില്ല.

ഭൂരിപക്ഷം ന്യൂന പക്ഷത്തെ അടക്കി നിർത്താൻ വെമ്പു-
മ്പോഴും വർഗീയത കൊഴിഞ്ഞു പോവുകയില്ല. വർഗീയത
നേരിടാനുള്ള ഏറ്റവും നല്ല വഴി ജനത്തെ ബോധവത്കരിക്കുക
മാത്രമാണ്. ഏതുതരം വർഗീയതയും ഒരുപോലെ വിഷം
വമിക്കുന്ന ഒന്നാണെന്ന് തിരിച്ചറിയുമ്പോൾ ജനങ്ങൾ തന്നെ
അത് ഉപേക്ഷിക്കും. ഈ തലമുറയിൽ വർഗീയതയെ തുടർന്ന്
കൊലയും മറ്റും തുടരുന്നു. അതു കൊണ്ട് തന്നെ വർഗീയതയും
ജാതിമത വ്യത്യാസവും മറക്കുക. കൊല്ലപ്പെട്ടവർക്കു വേണ്ടിയും,
അവൻെറ കുടുംബത്തിനുവേണ്ടിയും ജീവിതത്തിലെ ശ്രുക്ഷ
തലങ്ങൾ മറന്ന് പ്രവർത്തിക്കുക.

VIMAL JOSE TEACHER

# മാതൃ ഭാഷ

ജനിക്കും നിമിഷം തൊട്ടേൻ
മകനിംഗ്ലീഷു പഠിക്കണം
അതിനാൽ ഭാര്യതൻ പേറി-
ങ്ങിംഗ്ലണ്ടിൽ തന്നെയാക്കി ഞാൻ

ആധുനിക യുഗത്തിലെ കേരളീയൻെറ മാനസികായ അടിമ-ത്തമാണ് കുഞ്ഞുണ്ണി മാഷിൻെറ ഈ ഇരടികളിൽ പരമാർശി-ക്കപ്പെടുന്നത്. ലോക ഭാഷയെന്ന നിലയിൽ ഇംഗ്ലീഷിനുള്ള പ്രാധാന്യം നമുക്ക് അവഗണിക്കാനാവില്ല. വിജ്ഞാന സമ്പാദ-നത്തിൽ ഏറ്റവും ഉപകരിക്കുന്ന ഭാഷയും ഇംഗ്ലീഷ്തന്നെയാണ്. ആയതിനാൽ ഇംഗ്ലീഷിനു നമ്മുടെ പാഠ്യപദ്ധതിയിൽ അർഹ മായ സ്ഥാനം നൽകുക തന്നെ വേണം. പക്ഷേ ഒരു വിദ്യാർ-ത്ഥി,വിദ്യാഭ്യാസം ആരംഭിക്കുന്നത് അവൻെറതന്നെ മാതൃഭാ-ഷയിലൂടെതന്നെടാവുന്നതാണ് ഭേദം. ഒരു വ്യക്തി ലോകത്തെ മനസ്സിലാക്കുന്നത് ഭാഷയിലൂടെയാണ്.

മനുഷ്യബോധത്തിൻെറ ഘടന തന്നെ മാതൃഭാഷയുമായി ബന്ധ-പ്പെട്ടിരിക്കുന്നു. മാതൃഭാഷയുടെ ഘടനയിലാണ് ഒരുവൻ ലോകത്തെ ഗ്രഹിച്ചു തുടങ്ങുന്നത്.ജനിച്ചപ്പോൾ മുതൽ അവൻ

കേട്ടുവളർന്നത് ആഭാഷയാണല്ലോ. പ്രത്യേകമായ പരിശീലനം കൂടാതെ തന്നെ മാതൃഭാഷാബോധം കുട്ടിയിലുണ്ടായിരിക്കും.ഇത് പ്രയോജനപ്പെടുത്തിവേണം അടിസ്ഥാന വിജ്ഞാനം കുട്ടിക്കു പകർന്നു നൽകേണ്ടത്.

ഈ ഘട്ടത്തിൽ ഒരു വിദേശ ഭാഷ മാധ്യമമാക്കിയാൽ വിദ്യാർത്ഥിക്ക് താങ്ങാനാവാത്ത അദ്ധ്വാനഭാരം അടിച്ചേൽപ്പി-ക്കുകയായിരിക്കും ഫലം. മാതൃഭാഷ ദൃഢമായതിനുശേഷം ഇതര ഭാഷാപഠനം ആരംഭിക്കാം.

WILMA MAVIS
(MALAYALAM TEACHER)

# കണക്കില്ലാത്ത ജീവിതം

ഒരിക്കൽ ഒരു പട്ടണത്തിൽ ഒരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടിക്ക് കണക്ക് എന്ന വിഷയം വളരെ വെറുപ്പായിരുന്നു. കാരണം അവൻെറ കണക്കു സാറിനെ അവന് ഇഷ്ടമില്ലാ-യിരുന്നു. ടീച്ചർമാർ തല്ലുന്നതും വഴക്കു പറയുന്നതും അവൻെറ നന്മയ്ക്കാണെന്ന് അവൻ മനസ്സിലാക്കിയില്ല. അവൻ കണക്ക് പഠിക്കാൻ ഇരുന്നാൽ അവൻെറ കണക്ക് സാറിനെ ഓർമ്മ വരും. അതു കൊണ്ട് അവൻ അത് പഠിക്കില്ല. വലുതാകും-തോറും അവൻെറ കണക്കിനോടുള്ള ദേഷ്യം കൂടി. അങ്ങനെ അവൻ പത്താംക്ലാസ് കഴിഞ്ഞപ്പോൾ പഠിത്തം നിർത്തി. പിന്നീട് വിവാഹിതനാവുകയും ചെയ്തു. അവന് ഒരു തൊഴിലും ഇല്ലായിരുന്നു. ഭാര്യയുടെ വരുമാനം കൊണ്ടാണ് അവർ ജീവിച്ചിരുന്നത്. ഇതിനാൽ അവന് സ്വന്തം വീട്ടിൽ ഒരു വിലയും ഉണ്ടായിരുന്നില്ല. അങ്ങനെ കണക്കില്ലാത്ത ജീവിതം 'കണക്കായി'.

# കടങ്കഥകൾ

1, ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട?

കടുക്

2,കാള കിടക്കും കയറോടും?

മത്തങ്ങ

3,ഞെട്ടില്ല, വട്ടയില?

പപ്പടം

4,ആന കേറാമല, ആട് കേറാമല, ആയിരം കാന്താരി പൂത്തിറങ്ങി?

ആകാശവും നക്ഷത്രങ്ങളും

5,ഓടും കുതിര, ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര?

ചെരുപ്പ്

ALEENA.T
9.B

# ജനറൽ നോളേജ്

1,കേരളത്തിന്റെ ദേശീയ പുഷ് പ്പം?

താമര

2, ആരുടെതാണ് 'മോണാലിസ' എന്ന പ്രശസ്ത ചിത്രം?

ലിയനാർഡോ ഡാവിഞ്ചി

3,"അഗ് ന്നിച്ചിറകുകൾ" ആരുടെ ആത്മകഥയാണ് ?

ഡോ.APJ അബ് ദുൾ കലാം

4,സുഗന്ധവ്യഞ് ജ്ഞങ്ങളുടെ രാജ്ഞി എന്നറിയപ്പെടുന്നത് ?

ഏലം

5,ഫലങ്ങളുടെ രാജാവ് ?

മാമ്പഴം

6, ക്വിറ്റ് ഇന്ത്യ ദിനം എന്ന് ?

ആഗസ്റ്റ് 9

7,ഏറ്റവും വലിയ വൻകര?

ഏഷ്യ

8,കേരളത്തിലെ ആദ്യ പത്രം ഏത് ?

രാജ്യ സമാചാരം

9,"എന്റെ ജീവിതമാണ് എന്റെ സന്ദേശം" ഇതാരുടെ വാക്കുകളാണ്
?

മഹാത്മ ഗാന്ധി

10,തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്?

കുഞ്ചൻ നമ്പ്യാർ

NEETHU.V.K(9.B)

# കടലിന്റെ മക്കൾ

2018 ലെ വെള്ളപൊക്കം, കേരളം കണ്ടതിൽ വെച്ച് ഭീകരവും ഭയാനകവുമായ ഒന്ന്.കേരളത്തിൻ കടൽ തീരത്ത് ഉത്ഭവിച്ച ന്യൂന മർദമാണ് അതിശക്തമായ മഴയ്ക്കു കാരണം.

ചെങ്ങന്നൂർ,പാണ്ടനാട്,പറവൂർ,ആലുവ തുടങ്ങിയ സ്ഥലങ്ങളിൽ ലക്ഷങ്ങളോളം പേർ അവരുടെ ജീവൻ പോലും പണയപ്പെടുത്തി. ആയിരത്തോളം മത്സ്യതൊഴിലാളികൾ അവരുടെ വള്ളവുമായി പ ളയബാധിതസ്ഥലങ്ങളിൽ എത്തി.മത്സ്യ തൊഴിലാളികളും സൈന്യവും നാട്ടുകാരും എല്ലാവരുംമൊത്ത് ആയിരത്തോളം ജീവനുകളെ രക്ഷിച്ചു.

ANJALY ANNA
9.B

# ദേശാടനപക്ഷികൾ

ഒരു ദേശത്തു നിന്നും മുട്ടയിടാനും മറ്റും മറ്റൊരു ദേശത്തേക്ക് പറക്കുന്ന പക്ഷികളാണ് ദേശാടനപക്ഷികൾ. പക്ഷികളുടെ ഈ ദേയശാടനം ഋതുക്കളുമായി ബന്ധപ്പെട്ടിരിക്കുന്നു. പക്ഷികളിലെ പല വിഭാഗങ്ങളും ദേശാടനം നടത്തുന്നവയാണ്. ഇതിനിടയിൽ പട്ടിണികൊണ്ടും വേട്ടയാടൽകൊണ്ടും വലിയ നാശം സംഭവിക്കുന്നെങ്കിലും ഒരു പ്രകൃതിപ്രതിഭാസം എന്നപോലെ അവ ഒരു ദേശത്തു നിന്നു വേറോരിടത്തെക്ക് പറക്കുന്നു.

ദേശാടനപക്ഷികൾ മാത്രമല്ല മറ്റു പല പക്ഷികളും പ്രെത്യേക ആക്രതിയിലുള്ള കൂട്ടങ്ങളായി പറക്കുന്നത് കാണാം. പക്ഷികളിൽ പ്രായം കൂടിയവർക്ക് മറ്റുള്ളവരെ നയിച്ച് കോണ്ടുപോകാൻ ഇങ്ങനെ ആകൃതി സ്വികരിക്കുന്നതിലൂടെ പറ്റുന്നു. അതോടൊപ്പം മറ്റുവലിയ പക്ഷികളുടെ ആക്രമണം ചെറുക്കാനും ഇത് പക്ഷികളെ സഹായിക്കും.

സാധാരണ പറക്കുമ്പോൾ ചെലവഴിക്കുന്നതിനെക്കാൾ കുറവ് ഊർജം മാത്രമേ പ്രത്യേക ആകൃതി ഉണ്ടാക്കി പറക്കുമ്പോൾ പക്ഷികൾക്ക് ഉപയോഗിക്കേണ്ടി വരുന്നുള്ളു. മുമ്പേ പറക്കുന്ന പക്ഷിയുടെ ചിറകടിയാൽ വായുവിൻെറ മർദം കുറയുന്നു. അങ്ങനെ മർദം കുറഞ്ഞ ഭാഗത്തുകൂടി തോട്ടു പിന്നാലെ പക്ഷി പറക്കുന്ന രീതിയിലാണ് ഈ ആക്രതി (സാധാരണയായി V ആകൃതി) ഒരുക്കുന്നത്. അത് കോണ്ട് ചിറകടിക്കാൻ സാധാരണയിലും കുറച്ച് ഊർജം മതിയാവും

# സ്ഥലനാമ ചരിത്രം

കുട്ടനാട്ടിലെ തെക്ക-കിഴക്ക ഭാഗത്തുള്ള ശ്രീമൂലവാസം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഒരു ബുദ്ധമത വിഹാരം ഉണ്ടായിരുന്നുവെന്ന് ചരിത്ര രേഖകളിയൽ നിന്ന് മനസ്സിലാക്കാം. തകഴിലെ കരുമാടിക്കുട്ടന്റെ പ്രതിമ ഇതിന്റെ പ്രകടമായ ഒരു തെളിവായി കണക്കാക്കാം. ബുദ്ധമത സന്യാസിമാർ കരപ്പുറത്തിന്റെ വിവിധ ഭാഗങ്ങളിൽ ബുദ്ധമത വിഹാരങ്ങൾ സ്ഥാപിക്കുകയും മതപ്രചാരണം നടത്തുകയും ചെയ്തിരുന്നു. അങ്ങനെ ഇവിടെ കടൽ തീരത്ത് ഒരു ബുദ്ധമതപ്പള്ളി സ്ഥാപിക്കുകയുണ്ടായി.

കടൽതീരത്ത് ഉണ്ടായിരുന്ന ഈ പള്ളി കടക്കരപ്പള്ളി ആയി എന്നുമാണ് സ്ഥലനാമവുമായി ബന്ധപ്പെട്ട് പറയപ്പെടുന്ന ഐതിഹ്യം

തങ്കി പണ്ട് 'തനകി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഗ്രാമമായിരുന്നു. പിന്നീട് വിദേശികൾ സൗകര്യത്തിനായി 'തങ്കി' എന്ന് വിളിച്ചുവെന്നു പറയപ്പെടുന്നു.